# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5764** **02.07.2019 ലെ മറുപടി**

## കടൽഭിത്തികളുടെ പുനർനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പല ഭാഗങ്ങളിലും കടലോര മേഖലയിൽ സ്ഥാപിച്ചിട്ടുള്ള കടൽഭിത്തികൾ രൂക്ഷമായ കടലാക്രമണത്തിൽ തകരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവ അടിയന്തരമായി പുനഃസ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിൽ തീരമേഖലയിലുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുന്നതിനും തീരദേശ വാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും തീരസംരക്ഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാറുണ്ട്. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ തകർന്നുപോയ കടൽഭിത്തികളുടെ പുനരുദ്ധാരണത്തിനായി 332.76 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ച് അടിയന്തിരമായി കടൽ തീരത്തെ സംരക്ഷിച്ചു വരുന്നു. കൂടാതെ |

ജിയോ ട്യൂബ് ഉപയോഗിച്ചുള്ള കടൽ തീര സംരക്ഷണ പ്രവൃത്തികളും ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം, അനുമതിക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നൽകുന്നതിന് എല്ലാ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കൂടാതെ കടലാക്രമണം നേരിടുവാനായി അടിയന്തിരമായി താൽക്കാലിക പ്രതിരോധ പ്രവർത്തനങ്ങൾക്കായി 15/06/2019-ലെ സ.ഉ.(സാധാ)നം.21/2019/ജവിവ പ്രകാരം 22.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്

ഈ സാമ്പത്തിക വർഷം ഇതുവരെ അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾക്ക് 859.32 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കടൽ ഭിത്തികൾ ശക്തിപ്പെടുത്താൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിലേക്കായി കൂടുതൽ തുക ഈ സാമ്പത്തികവർഷം നീക്കിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരദേശ ജില്ലകളിലെ തീരപ്രദേശങ്ങളിൽ അടിയന്തിര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 22.5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ